മൂന്നാംക്ലാസ്സിലെ പരിസരപഠനത്തിലെ 'കുഴിയാന മുതൽ കൊമ്പനാനവരെ' വായിച്ചിട്ടുണ്ടോ? ജീവികളെക്കുറിച്ച് കൂടുതൽ ചിന്തിക്കാൻ ആ പാഠം ഉപകരിക്കും. ഈ പ്രാവശ്യത്തെ 'കൂട്ടിവായന' വായിക്കൂ; പ്രവർത്തനങ്ങൾ ചെയ്യൂ. എന്നിട്ട് ബാലവാടിയിലെ കഥ കൂടി വായിക്കണേ.



## ഇഷ്ടം

കോഴിക്കിഷ്ടം അരിമണിയാണ്. നായയ്ക്കോ? അപ്പോൾ പൂച്ചയ്ക്കോ?

നമ്മുടെ വളർത്തുജീവികളുടെ ഭക്ഷണത്തെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ? നമ്മൾ കൊടുക്കുന്നവ തിന്നുകയല്ലാതെ അവ ഇഷ്ടപ്പെടുന്ന ഭക്ഷണം എന്തായിരിക്കും? ഒന്നെഴുതി നോക്കൂ....



## കൃഷി, ഭക്ഷണം

കൃഷിയുമായി ബന്ധപ്പെട്ട പാഠഭാഗ വായനയുമായി കൂട്ടിവായിക്കാൻ പേജ് 14–15ലെ ചിത്രകഥ കാണൂ. രണ്ടാം ക്ലാസ്സിലെ 'ഈ തെറ്റിന് ശിക്ഷയില്ല' എന്ന പാഠവും മൂന്നാം ക്ലാസ്സിലെ 'രുചിയോടെ കരുത്തോടെ, നന്മവിളയിക്കും കൈകൾ' എന്നിവ വായിച്ചശേഷം ചിത്രകഥയും 'ഇഡ്ഢലിയും ദോശയും' എന്ന ലേഖനവും വായിച്ചുനോക്കണേ...

| | ഇഷ്ടമുള്ള ഭക്ഷണം 1 | ഇഷ്ടമുള്ള ഭക്ഷണം 2 | ഏതു വിഭാഗം (സസ്യം/മാംസം/മിശ്രം) |
|---|---|---|---|
| ആട് | | | |
| പശു | | | |
| താറാവ് | | | |
| കോഴി | | | |
| നായ | | | |
| പൂച്ച | | | |

# ചിന്തിച്ചിട്ടുണ്ടോ?



മാർക്കറ്റിൽ മത്സ്യം വിൽക്കുന്നിടത്തും വീട്ടിൽ മത്സ്യം മുറിക്കുന്നിടത്തും കൊക്ക് പാറിവരാറുണ്ട്. പണ്ടൊന്നും കൊക്ക് ഇങ്ങനെ വരാറില്ലായിരുന്നു.

കാക്കയും പൂച്ചയും കൊക്കും മത്സ്യത്തെ നോക്കിയിരിക്കും. വേണ്ടാത്ത ഒരു കഷണം വലിച്ചെറിഞ്ഞാൽ മൂവരും ഓടിയെത്തും. ആദ്യം കിട്ടുന്നവർ കൈക്കലാക്കും.

കൊക്ക് പലയിടത്തും ഇങ്ങനെ എത്താൻ എന്താണ് കാരണം?

ചിന്തിച്ചിട്ടുണ്ടോ? നിങ്ങളുടെ നാട്ടിൽ ഇത്തരം അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടോ?

കൊക്കിന്റെ പ്രധാന ആഹാരം എന്താണ്?

എവിടുന്നാണത് കിട്ടിയിരുന്നത്?

യുറീക്കയ്ക്ക് അയച്ചുതരുമോ? ഒരു പോസ്റ്റ് കാർഡിൽ മതി.

ഞാൻ കണ്ടെത്തിയത്, യുറീക്ക, ചാലപ്പുറം, കോഴിക്കോട്-673002 എന്ന വിലാസത്തിൽ സെപ്റ്റംബർ 5നു മുമ്പായി അയച്ചുതരണം.

## കവിത

# ചെമ്പരത്തി

പി സന്തോഷ്കുമാർ

ഇത്തിരി വെള്ളം,
ഇത്തിരി വെയിൽ
പിന്നെ,
ഒരിത്തിരിക്കാർബൺ
ഡയോക്സൈഡും
മൂന്നും കൂട്ടി മുറുക്കിച്ചുവപ്പിച്ച്
മുറ്റത്തിൻ മൂലയിലിരിപ്പാണ്
ഒരു മുത്തശ്ശി!



